# A

**22120** **120 MINUTES**

1. ദ്രാവിഡസംസ്കാര പക്ഷപാതം ഏറിയിരുന്ന പ്രസ്ഥാനം?
   A) മഹാകാവ്യ പ്രസ്ഥാനം B) പാട്ട് പ്രസ്ഥാനം
   C) ഖണ്ഡകാവ്യ പ്രസ്ഥാനം D) സന്ദേശകാവ്യ പ്രസ്ഥാനം

2. മുദ്രാഭിനയത്തിൽ കഥകളി നടന്മാർക്കവലംബമായ നാട്യശാസ്ത്രഗ്രന്ഥം?
   A) നാട്യശാസ്ത്രം B) പ്രയോഗ ദീപിക
   C) മോക്ഷദായക ദീപിക D) ഹസ്ത ലക്ഷണദ്ധീപിക

3. 'കവികൾ മമ സഖാക്കളൊത്തുകൂടി–
   ക്കവിതകൾ ചൊല്ലിയെഴും സദസ്സുപുക്കാൻ – ആരുടെ വരികൾ?
   A) ഇടശ്ശേരി B) വള്ളത്തോൾ
   C) അക്കിത്തം D) വൈലോപ്പിള്ളി

4. തിണ സങ്കല്പത്തിലെ 'മുതൽപ്പൊരുൾ' എന്തിനെയാണ് അടിസ്ഥാനമാക്കുന്നത്?
   A) കാവ്യപ്രമേയം
   B) ബാഹ്യപ്രകൃതി
   C) കഥാപാത്രങ്ങളുടെ മാനസികാവസ്ഥ
   D) സ്ഥലകാലങ്ങൾ

5. ചേരുംപടി ചേർക്കുക

| | |
|---|---|
| a. ആൻഡ്രൂസ് സേവ്യർ | 1. മരുഭൂമികൾ ഉണ്ടാകുമ്പോൾ |
| b.സിദ്ധാർത്ഥൻ | 2. അരൂപിയുടെ മൂന്നാം പ്രാവ് |
| c. കൊണ്ടേരൻ | 3.നെല്ല് |
| d. റൂത്ത് | 4.ഗോവർദ്ധന്റെ യാത്രകൾ |
| | 5.മണ്ണിന്റെ മാറിൽ |

   A) a-2, b-4, c-5, d-1, B) a-5, b-1, c-2, d-3
   C) a-2 , b-5, c-3, d-1 D) a-4, b-1, c-5, d-2

6. കൊച്ചി ദേശത്തെ പുലയജീവിതത്തിന്റെ പരിച്ഛേദമെന്ന് പറയാവുന്ന നോവൽ?
   A) നനവുള്ള മണ്ണ് B) കറ്റയും കൊയ്ത്തും
   C) മുക്കണി D) ചങ്ങലകൾ നുറുങ്ങുന്നു

7. കൊല്ലത്തിലൊരിക്കൽ കാവുകളിലും മറ്റും തെയ്യം കെട്ടിയാടുന്നതിന് പറയുന്ന പേര്?
   A) മയിലാട്ടം B) തിറയാട്ടം
   C) പെരുങ്കളിയാട്ടം D) കളിയാട്ടം

8. 'നേത്രരോഗി' എന്നത് ആരുടെ തൂലികാനാമം?
   A) മൂർക്കോത്ത് കുമാരൻ B) പ്രേംജി
   C) സി. അന്തപ്പായി D) ഇ. വി കൃഷ്ണപിള്ള

9. ബൈരമ്മ, മാരിയമ്മ, എല്ലമ്മ തുടങ്ങിയ സ്ത്രീ ദൈവങ്ങളെ ആരാധിക്കുന്ന ഗോത്ര വർഗ്ഗം?
   A) കാണിക്കാർ B) ഇരുളർ C) മാവിലർ D) കാടർ

10. മയൂരസന്ദേശം, മയൂരദൂതം എന്ന പേരിൽ വിവർത്തനം ചെയ്തത് ആര്?
   A) ഏ. ആർ രാജരാജ വർമ്മ B) പി ഗോവിന്ദപ്പിള്ള
   C) പി. കെ നാരായണപിള്ള D) ഇളംകുളം പി. കുഞ്ഞൻപിള്ള

11. 'പോക്കുവെയിൽ' എന്ന സിനിമ സംവിധാനം ചെയ്തത് ആര്?
   A) ഭരതൻ B) ഷാജി എൻ കരുൺ
   C) അരവിന്ദൻ D) ലെനിൻ രാജേന്ദ്രൻ

12. മുടിയേറ്റുള്ള ക്ഷേത്രങ്ങളിൽ നടത്താത്ത കലാരൂപം?
   A) ഓട്ടൻ തുള്ളൽ B) കഥകളി
   C) തെയ്യം D) മോഹിനിയാട്ടം

13. പാനാവൃത്തം എന്നറിയപ്പെടുന്നത്?
   A) തരംഗിണി B) വിയോഗിനി
   C) മഞ്ജരി D) ദ്രുതകാകളി

14. 'നെല്ലും പണവും കുമിഞ്ഞവർക്കു,
   കൊല്ലും കൊലയും കുലാധികാരം' – ഈ വരികൾ വരുന്ന കാവ്യം?
   A) വാഴക്കുല B) കുടിയൊഴിക്കൽ
   C) ചന്ദനക്കട്ടിൽ D) പുത്തൻ കലവും അരിവാളും

15. പെണ്ണിന്റെ ഇഷ്ടത്തോടുകൂടി അവളെതട്ടിക്കൊണ്ട്പോയി നടത്തുന്ന വിവാഹം?
   A) മെരങ്ങാത്ത് B) കർപ്പ്
   C) കളവ് D) സുബാക്ക്

16. 'ഒരു ജാതി ഒരു മതം ഒരു ദൈവം ' .എന്ന ആപ്തവാക്യം ഉൾപ്പെടുന്ന കൃതി?
   A) ആത്മോപദേശ ശതകം B) ജാതിമീമാംസ
   C) ജാതി ലക്ഷണം D) ജാതി നിർണ്ണയം

17. നാടകങ്ങളെക്കുറിച്ച് മുണ്ടശ്ശേരി എഴുതിയ നിരൂപണഗ്രന്ഥം?
   A) മാറ്റൊലി B) കാലത്തിന്റെ കണ്ണാടി
   C) വായനശാലയിൽ D) നനയാതെ മീൻ പിടിക്കാമോ

18. ശരിയായ പദം ഏത്?
   A) ആപാദചൂഢം B) ആപാതചൂഡം
   C) ആപാദചൂഡം D) ആപാതചൂഢം

19. സാഹിത്യമീമാംസകളുടെ താരതമ്യപഠനത്തിന് ഉദാഹരണമായ കൃതി?
   A) മാറ്റൊലി B) പ്രയാണം C) മാനദണ്ഡം D) കാവ്യപീഠിക

20. പ്രാചീനകാലത്ത് കേരളത്തിൽ പ്രചരിച്ചിരുന്ന സിലോൺ നാണയം?.

A) രാശി B) തുലുക്ക ക്കാശ്

C) ഈഴക്കാശ് D) റോമൻ നാണയം

21. 'കുതിരക്കൊമ്പ്' എന്ന കവിത രചിച്ചതാര്?

A) എൻ. എൻ കക്കാട്

B) എൻ. വി കൃഷ്ണവാര്യർ

C) അക്കിത്തം അച്യുതൻ നമ്പൂതിരി

D) അയ്യപ്പപ്പണിക്കർ

22. ചേരുംപടി ചേർത്തെഴുതുക

| | |
|---|---|
| a. ആറ്റിങ്ങൽ കലാപം | 1. 1812 |
| b. നായർ പട്ടാളം ലഹള | 2. 1858 |
| c. ചാന്നാർ ലഹള | 3. 1809 |
| d. കുറിച്യർ ലഹള | 4. 1804 |
| | 5. 1721 |

A) a-5,b-4, c-2, d-1 B) a-4, b-1, c-2, d-5

C) a-3, b-5, c-2, d-1 D) a-5, b-1, c-4, d-2

23. മൂപ്പൻ, മടിയൻ എന്നീ പദങ്ങളിലെ തദ്ധിതം ഏത്?

A) തന്മാത്രാതദ്ധിതം B) തദ്വത്തദ്ധിതം

C) പൂരണിതദ്ധിതം D) നാമനിർമ്മായിത്തദ്ധിതം

24. 'പച്ചിലക്കൂട്' ഏത് വിഭാഗത്തിൽപ്പെടുന്നു?

A) കവിത B) കഥ

C) ഡോക്യുമെന്ററി D) ഷോർട്ട്ഫിലിം

25. കുറിയേടത്ത് താത്രിയുടെ സ്മാർത്ത വിചാരത്തെ പരാമർശിക്കുന്ന നോവൽ?

A) മുത്തശ്ശി B) അമൃതമഥനം

C) സ്വപ്നസഞ്ചാരിണി D) അടുക്കളയിൽ നിന്ന് അരങ്ങത്തേയ്ക്ക്

26. 'ഇവൻ എന്റെ പ്രിയപുത്രൻ' ഏത് വിഭാഗത്തിൽപ്പെടുന്നു?

A) കഥ B) ഓർമ്മക്കുറിപ്പുകൾ

C) ലേഖനസമാഹാരം D) ജീവചരിത്രം

27. 'ഓരോ മനുഷ്യനിലും ഒരു ഇതിഹാസം ഉറങ്ങുന്നുണ്ടെന്നു മുമ്പേ തന്നെ എനിക്കറിയാം' – ആരുടെ വീക്ഷണം?

A) ഒ. വി വിജയൻ B) പെരുമ്പടവം ശ്രീധരൻ

C) ആനന്ദ് D) കോവിലൻ

28. യോജിച്ചവ ചേർത്തെഴുതുക

| | |
|---|---|
| a. ലോകത്തിന്റെ മുകൾത്തട്ടിലൂടെ | 1.രവീന്ദ്രൻ കെ |
| b. അകലങ്ങളിലെ മനുഷ്യർ | 2.സക്കറിയ |
| c. കാടുകളുടെ താളം തേടി | 3.കെ. വി സുരേന്ദ്രനാഥ് |
| d. വഴിപോക്കൻ | 4.സുജാതാദേവി |
| | 5.രാജൻ കാക്കനാടൻ |

A) a-5, b-3, c-1, d-2 B) a-4, b-1, c-5, d-2
C) a-3, b-1, c-4, d-2 D) a-3, b-5, c-2, d-1

29. വിശ്വാസത്തിന്റെ ഭാഗമായി മാത്രം നടത്തുന്ന മന്ത്രവാദച്ചടങ്ങ് ഏത്?
A) കളമെഴുത്ത് B) അയ്യപ്പൻ തീയാട്ട്
C) പടയണി D) ഗദ്ദിക

30. ഭൂതം, വർത്തമാനം, ഭാവി എന്നീ പേരുകളിൽ കഥാപാത്രങ്ങളുള്ള നാടകം?
A) നാൽക്കവല B) സൃഷ്ടി C) സംഗമം D) സമന്വയം

31. നിരോധിക്കപ്പെട്ട കാവ്യം ഏത്?
A) രക്തംപുരണ്ട ഗാനം B) ഓടക്കുഴലും ലാത്തിയും
C) ചോര D) വയലാർ ഗർജിക്കുന്നു

32. ഇക്കോ – ക്രിട്ടിസിസം എന്ന വാക്ക് ആദ്യം ഉപയോഗിച്ചതാര്?
A) ഫ്രാൻസ്വാ ദയുബോൺ B) വില്യം റൂക്കേർട്ട്
C) സിമോങ് ഡി ബുവ്വ D) ജോർജ് കെ വുഡ് ബെറി

33. പ്രാസവാദം മലയാളസാഹിത്യചരിത്രത്തിൽ ഒന്നുമല്ല, അത് ചായക്കോപ്പയിലെ വിപ്ലവമാണ് – ആരുടെ പ്രസ്താവന?
A) കെ. പി അപ്പൻ B) സുകുമാർ അഴീക്കോട്
C) എം. എൻ വിജയൻ D) ആഷാമേനോൻ

34. 'ബഷീർ, ഒരു തിമിംഗലത്തിന്റെ ഉദരത്തിൽപ്പെട്ടുപോയ ഒരു എഴുത്തുകാരനെപ്പോലെയാണ്' എന്ന് പറഞ്ഞതാര്?
A) എം പി പോൾ
B) കെ പി. അപ്പൻ
C) കേസരി എ ബാലകൃഷ്ണപിള്ള
D) തോമസ് മാത്യു

35. 'എന്റെ ചരിത്രാന്വേഷണ പരീക്ഷകൾ' എന്ന ആക്ഷേപഹാസ്യകൃതി എഴുതിയത്?
A) സഞ്ജയൻ B) ഒ വി വിജയൻ
C) എൻ വി കൃഷ്ണ വാര്യർ D) വേളൂർ കൃഷ്ണൻകുട്ടി

36. ആണവ പരീക്ഷണത്തിന്റെ ഭീകരതയെക്കുറിച്ച് ഒ. എൻ.വി കുറുപ്പ് രചിച്ച കവിത ഏത്?
A) ഞാനഗ്നി B) കൃഷ്ണപക്ഷത്തിലെ പാട്ട്
C) ഭൈരവന്റെ തുടി D) മൃഗയ

37. പഴയനിയമത്തെ അവലംബമാക്കി രചിച്ച ക്രിസ്തുമതകാവ്യം?
A) വേദവിഹാരം B) ശ്രീയേശു വിജയം
C) ശ്രീയേശു ചരിതം D) മഗ്ദലനമറിയം

38. ഇരയിമ്മൻതമ്പിയുടെ ആട്ടക്കഥാത്രയത്തിൽ ഉൾപ്പെടാത്തത്?
A) കീചകവധം B) ബകവധം
C) ഉത്തരാസ്വയംവരം D) ദക്ഷയാഗം

39. 'ശബ്ദമാണ് കാവ്യം' എന്ന് കാവ്യത്തെ നിർവ്വചിച്ചതാര്?
A) മമ്മടൻ B) ഭാമഹൻ
C) ഭട്ടനായകൻ D) ജഗന്നാഥ പണ്ഡിതൻ

40. കൂട്ടക്ഷരങ്ങളെ ഈരണ്ടായിട്ടാവർത്തിക്കുന്നത്?
A) വൃത്ത്യനുപ്രാസം B) ഛേകാനുപ്രാസം
C) ലാടാനുപ്രാസം D) ആദിപ്രാസം

41. 'യൗവനം വന്നുദിച്ചിട്ടും
ചെറുതായില്ല ചെറുപ്പം' – ഈ വരികളിലെ അലങ്കാരം?
A) ആക്ഷേപം B) സമാസോക്തി
C) വിശേഷോക്തി D) അപ്രസ്തുത പ്രശംസ

42 'തു' ഭൂതകാല പ്രത്യയമാകുന്നത്?
A) സ്വരാന്തങ്ങൾക്ക്
B) വ്യഞ്ജനങ്ങൾക്ക്
C) സ്വരാന്തങ്ങൾക്കും ചില്ലന്തങ്ങൾക്കും
D) യകാരാന്തങ്ങൾക്കും വ്യഞ്ജനങ്ങൾക്കും

43. ശബ്ദാർത്ഥങ്ങൾ വേണ്ടപോലെ ഒന്നിച്ചിരിക്കുന്ന അവസ്ഥയെ വിവരിക്കുന്ന വിദ്യയാണ് സാഹിത്യവിദ്യ – ആരുടെ നിർവ്വചനം?
A) ഭട്ടതൗതൻ B) കുന്തകൻ
C) അഭിനവഗുപ്തൻ D) രാജശേഖരൻ

44. ക്ഷേത്ര പ്രവേശനം എല്ലാ ഹിന്ദുക്കളുടേയും ജന്മാവകാശമാകുന്നു എന്ന മുദ്രാ-വാക്യത്തിന്റെ ഉപജ്ഞാതാവ്?
A) ശ്രീനാരായണ ഗുരു B) ടി. കെ മാധവൻ
C) കെ. കേളപ്പൻ D) ഡോ. പല്പു

45. 'വ്യവഹാര ഭാഷയുടെ സംക്രമണം മൂലം രാജഭാഷയായ ചെന്തമിഴിനു കേരള ത്തിൽ വന്നു കൂടിയ ശൈഥില്യമാണ് ശാസനങ്ങൾ' – ആരുടെ അഭിപ്രായം?
A) സി. എൽ ആന്റണി B) ഇളംകുളം പി. കുഞ്ഞൻപിള്ള
C) കുഞ്ചുണ്ണി രാജ D) ശൂരനാട്ട് കുഞ്ഞൻ പിള്ള

46. 2020 – ലെ എഴുത്തച്ഛൻ പുരസ്കാരം ലഭിച്ചതാർക്ക്?
A) സക്കറിയയ്ക്ക് B) സച്ചിദാനന്ദന്
C) യു. എ ഖാദറിന് D) പ്രഭാവർമ്മയ്ക്ക്

47. യയാതി നോവലിന്റെ മൂല ഭാഷ ഏത്?
A) മറാത്തി B) ബംഗാളി
C) തെലുങ്ക് D) മലയാളം

48. ആണ്ടുബലി എന്ന നാടകം രചിച്ചതാര്?
A) ജി. ശങ്കരപിള്ള
B) പി. എം താജ്
C) വയലാ വാസുദേവൻ പിള്ള
D) കാവാലം നാരായണപ്പണിക്കർ

49. ചേരുംപടി ചേർക്കുക
a. സ്മരണ മാധുരി 1.ആർ ഈശ്വരപിള്ള
b. സ്മരണ മണ്ഡലം 2. കെ. കെ രാജ
c. സ്മരണ ദർപ്പണം 3. പി. കെ നാരായണപിള്ള
d. സ്മരണകൾ 4.ഉള്ളൂർ
5.കെ. എം പണിക്കർ

A) a-4, b-3, c-5, d-1 B) a-5, b-3, c-1, d-2
C) a-3, b-1, c-5, d-2 D) a-2, b-4, c-5, d-1

50. ഫെമിനിസം പ്രമേയമാക്കി വിജയലക്ഷ്മി രചിച്ച കവിത?
A) ഗിനോ B) കൗസല്യ
C) ആരണ്യ കാണ്ഡം D) ഉൽപത്തി

51. രാമചരിതത്തിലെ ഭാഷ തമിഴാണെന്ന് അഭിപ്രായപ്പെട്ടത്
A) ഡോ. കെ. എൻ എഴുത്തച്ഛൻ
B) ഡോ. എം എം പുരുഷോത്തമൻ നായർ
C) ഉള്ളൂർ
D) കോവുണ്ണി നെടുങ്ങാടി

52. 'ആലസ്യമാണ്ട മുഖമൊട്ടു കുനിച്ചുവേർത്ത –
ഫാല സ്ഥലം മൃദു കരത്തളിർകൊണ്ടു താങ്ങി
ചേലഞ്ചിമിന്നുമൊരു വെൺ കുളിർകൽത്തറയ്ക്കു
മേലങ്ങുചാരുമുഖി ചാരിയിരുന്നിടുന്നു' – ഈ വരികളുടെ വൃത്തം?
A) വസന്തതിലകം B) മാലിനി
C) പഞ്ചചാമരം D) മല്ലിക

53. സാമാന്യത്തെ സാമാന്യം കൊണ്ടും വിശേഷണത്തെ വിശേഷം കൊണ്ടും സമർത്ഥിക്കുന്ന അലങ്കാരം?
A) ദൃഷ്ടാന്തം B) അർത്ഥാന്തരന്യാസം
C) പ്രതിവസ്തൂപമ D) അപ്രസ്തുതപ്രശംസ

54. ചേരുംപടി ചേർത്തഴുതുക

| | |
|---|---|
| a. ജി. ശങ്കരക്കുറുപ്പ് | 1. ജീവിതോത്സവം |
| b. എം പി. അപ്പൻ | 2. മദിരോത്സവം |
| c. ചങ്ങമ്പുഴ | 3. ആനന്ദഗീത |
| d. കെ. എം പണിക്കർ | 4. വിലാസലഹരി |
| | 5. രസികരസായനം |

A) a-5, b-4, c-1, d-2 B) a-4, b-1, c-2, d-5
C) a-4, b-5, c-1, d-3 D) a-3, b-1, c-2, d-5

55. 'വാൻഗോക്കിന്റെ ചെവി' ഏത് വിഭാഗത്തിൽപ്പെടുന്ന കവിതയാണ്?
A) ഖണ്ഡകാവ്യം B) ആക്ഷേപഹാസ്യം
C) വിലാപകാവ്യം D) കാർട്ടൂൺ കവിത

56. താഴെപറയുന്നവരിൽ'നീലത്താമര' എന്ന ചിത്രം സംവിധാനം ചെയ്തത് ആര്?
A) എം. ടി വാസുദേവൻ നായർ B) ഹരിഹരൻ
C) യൂസഫലി കേച്ചേരി D) ഐ വി ശശി

57. കോട്ടം വിട്ട കോട്ടയം കഥകളിൽ പെടാത്തത്?
A) ബകവധം B) കിർമ്മീര വധം
C) ദുര്യോധന വധം D) നിവാതകവചകാലകേയ വധം

58. ചേരുംപടി ചേർത്തെഴുതുക

| | |
|---|---|
| a.ജീവിതത്തിന്റെ പുസ്തകം | 1. വി ജെ ജയിംസ് |
| b.ആയുസ്സിന്റെ പുസ്തകം | 2. സുഭാഷ് ചന്ദ്രൻ |
| c. പുറപ്പാടിന്റെ പുസ്തകം: | 3. ബന്യാമിൻ |
| d.പ്രവാചകൻമാരുടെ രണ്ടാം പുസ്തകം | 4. കെ. പി രാമനുണ്ണി |
| | 5. സി വി ബാലകൃഷ്ണൻ |

A) a-4, b-5, c-1, d-3 B) a-5, b-1, c-2, d-3
C) a-3, b-5, c-1, d-2 D) a-2, b-3, c-1, d-5

59. 'രാവണവധം' എന്നും പേരുള്ള മഹാകാവ്യം?
A) ജാനകീഹരണം B) കുമാരസംഭവം
C) ഭട്ടികാവ്യം D) രഘുവംശം

60. വ്യത്യസ്തമായ ഉപമാനോപമേയ വാക്യങ്ങളിൽ ഒരേ ധർമ്മം തന്നെ ശബ്ദ ഭേദത്തോടെ പ്രതിപാദിച്ചാൽ –
A) പ്രതിവസ്തൂപമ B) ദൃഷ്ടാന്തം
C) നിദർശന D) ഹേതുൽപ്രേക്ഷ

61. ചേരുംപടി ചേർക്കുക

| | |
|---|---|
| a.ചെന്താർ | 1. ലോപസന്ധി |
| b.താമരയില | 2. ദ്വിത്വസന്ധി |
| c.ചൂടട്ട് | 3. ആദേശസന്ധി |
| d. ചക്കപ്പഴം | 4. ആഗമസന്ധി |
| | 5. ഗുണസന്ധി |

A) a-4, b-3, c-2, d-1 B) a-2, b-1, c-5, d-3
C) a-3, b-4, c-1, d-2 D) a-4, b-1, c-5, d-3

62. വള്ളത്തോളിന്റെ ശൃംഗാര വിഷയങ്ങളായ ഒറ്റശ്ലോകങ്ങളുടെ സമാഹാരം ഏത്?
A) സാഹിത്യമഞ്ജരി B) മണിമഞ്ജുഷ
C) വിലാസലതിക D) വിലാസ ലഹരി

63. വിദ്വാൻ പി.കേളുനായർ രചിച്ച സംഗീത നാടകം ഏത്?
A) സദാരാമ B) പാക്കനാർ ചരിതം
C) സംഗീതനൈഷധം D) സംഗീതഹരിശ്ചന്ദ്രം

64. ഉടൽഭൗതികം, സമ്പർക്കക്രാന്തി, 124 എന്നീ നോവലുകളിലൂടെ ശ്രദ്ധേയനായ യുവനോവലിസ്റ്റ് ആര്?
A) അമൽ B) വിനോയ് തോമസ്
C) പ്രമോദ് രാമൻ D) വി. ഷിനിലാൽ

65. ഓണവിജ്ഞാനകോശം എന്ന കൃതിയുടെ കർത്താവാര്?
A) ഉള്ളൂർ B) പി.സി. കർത്താ
C) കെ.എം. ജോർജ്ജ് D) വെട്ടം മാണി

66. 'മരഭനയയയ' എന്നു ഗണക്രമം വരുന്ന സംസ്കൃത വൃത്തം ഏത്?
A) സ്രഗ്ദ്ധര B) വസന്തതിലകം
C) ശാർദ്ദൂല വിക്രീഡിതം D

67. ചേരും പടി ചേർക്കുക.

| | |
|---|---|
| a. പാവങ്ങൾ | 1. സി. രാഘവൻ |
| b. ആരോഗ്യനികേതനം | 2. നാലപ്പാട്ടു നാരായണമേനോൻ |
| c ആരണ്യക് | 3. |
| d. ഭാരതീപുരം | 4. പി. വാസുദേവക്കുറുപ്പ് |
| | 5.വേളൂർ കൃഷ്ണൻകുട്ടി |

A) a-3, b-1, c-2, d-4 B) a-4, b-2, c-1, d-5
C) a-2, b-3, c-4, d-1 D) a-1, b-4, c-2, d-3

68. തിരുവട്ടാർ നാരായണപിള്ള ഏതു മേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നു?

A ) B )

C ) D )

69. മലയാളത്തിലെ ആദ്യ സിനിമയായ വിഗതകുമാരനിലെ നായികയായി അഭിനയിച്ചതാര്?

A) മിസ്സ്കുമാരി B) പി.കെ. റോസി

C) രാഗിണി D) ഷീല

70. താഴെപ്പറയുന്നവയിൽ തോട്ടയ്ക്കാട്ട് ഇക്കാവമ്മ രചിച്ച നാടക കൃതി ഏത്?

A) ലക്ഷണാസംഗം B) കലഹിനീദമനകം

C) മനോരമാ വിജയം D) സുഭദ്രാർജ്ജുനം

71. വൈക്കം സത്യഗ്രഹത്തോടനുബന്ധിച്ച് സവർണ്ണ ജാഥ നയിച്ചതാര്?

A) സഹോദരൻ അയ്യപ്പൻ B) സ്വാമി ആനന്ദതീർത്ഥൻ

C) മന്നത്തു പദ്മനാഭൻ D) ചട്ടമ്പി സ്വാമികൾ

72. കൂനൻ കുരിശു കലാപം നടന്ന വർഷം ഏത്?

A) 1888 B) 1599 C) 1653 D) 1741

73. 'മലയാള ഭാഷാ പരിണാമം–സിദ്ധാന്തങ്ങളും വസ്തുതകളും' എന്ന കൃതി രചിച്ചതാര്?

A) തിരുനല്ലൂർ കരുണാകരൻ

B) സി.എൽ. ആന്റണി

C) പി.വി. വേലായുധൻ പിള്ള

D) ശാന്താ അഗസ്റ്റിൻ

74. വട്ടപ്പലക, ചതുരക്കിണറ്, ആയിരക്കലം എന്നീപദങ്ങൾ ലീലാതിലകത്തിലെ ഏതു സന്ധിസൂത്രത്തിന് ഉദാഹരണങ്ങളാണ്?

A) വാദർദ്ധമാത്രോകാരഃ B) ളോനേ

C) കചാചില്ലോപ D) ഓർന്നിത്യം

75. ചേരുംപടി ചേർക്കുക.

| | |
|---|---|
| a. പലലോകം പലകാലം | 1. കെ.എം. പണിക്കർ |
| b. പത്ര പ്രവർത്തകന്റെ യാത്രകൾ | 2. എസ്സ്.കെ.പൊറ്റക്കാട് |
| c. രണ്ടു ചൈനയിൽ | 3. കെ. സച്ചിദാനന്ദൻ |
| d. ആൾക്കൂട്ടത്തിൽ തനിയെ | 4. എം.ടി. വാസുദേവൻ നായർ |
| | 5. വി.കെ. മാധവൻകുട്ടി |

A) a-4, b-1, c-3, d-2 B) a-2, b-4, c-5, d-3

C) a-5, b-3, c-2, d-1 D) a-3, b-5, c-1, d-4

76. പയ്യന്നൂർ പാട്ടിന് പയ്യന്നൂർ പട്ടോല എന്നു പേരിട്ട് പരാമർശിച്ച പണ്ഡിതൻ ആര്?
   A) വില്യം ലോഗൻ  B) കെ.എം. ജോർജ്ജ്
   C) എൻ. കൃഷ്ണപിള്ള  D) ഉള്ളൂർ

77. താഴെപ്പറയുന്നവയിൽ ഒ.എൻ.വിയുടെ ഗാനസമാഹാരം ഏത്?
   A) ഹൃദയ സരസ്സ്  B) നാഴൂരിപ്പാല്
   C) മാണിക്യവീണ  D) കുടജാദ്രിയിൽ

78. ആതുരാലയം പശ്ചാത്തലമായ 'ആതുരം' എന്ന നോവൽ രചിച്ചതാര്?
   A) ഡോ.പുനത്തിൽ കുഞ്ഞബ്ദുള്ള
   B) ഡോ.ഖദീജാമുംതാസ്
   C) ജി.ആർ.ഇന്ദുഗോപൻ
   D) ടി.ഡി.രാമകൃഷ്ണൻ

79. 'മാണി മാധവീയം' എന്ന ജീവചരിത്രകൃതി രചിച്ചതാര്?
   A) മേലത്ത് ചന്ദ്രശേഖരൻ  B) ബഷീർ ചുങ്കത്തറ
   C) ദാസ് ഭാർഗവീനിലയം  D) ഭാനുപ്രകാശ്

80. മലയാളത്തിലെ ആദ്യ ചെറുകഥയായി വിശേഷിപ്പിക്കപ്പെടുന്ന 'വാസനാവികൃതി' ഏത് മാസികയിലാണ് അച്ചടിച്ച് വന്നത്?
   A) രസികരഞ്ജിനി  B) ഭാഷാപോഷിണി
   C) വിദ്യാവിലാസിനി  D) വിദ്യാവിനോദിനി

81. ഒരു സ്ത്രീ എഴുതിയ വിലാപകാവ്യം എന്ന നിലയിൽ പ്രസക്തമായ 'അശ്രുപൂജ' ആരുടെതാണ്?
   A) സിസ്റ്റർ മേരി ബനീഞ്ജ  B) എം. ലീലാവതി
   C) ബാലാമണിയമ്മ  D) സുഗതകുമാരി

82. 'കഥയും പരിസ്ഥിതിയും' എന്ന വിമർശനകൃതി എഴുതിയതാര്?
   A) പി.പി. രവീന്ദ്രൻ  B) ടി.ടി. ശ്രീകുമാർ
   C) ജി. മധുസൂദനൻ  D) ശാരദക്കുട്ടി

83. കഥകളിയിലെ മേളപ്പദത്തിന് ആധാരമായ 'മഞ്ജുതര' എന്ന ഗാനം ഏതു കൃതിയുമായി ബന്ധപ്പെട്ടിരിക്കുന്നു.
   A) ഗീതാഗോവിന്ദം  B) രഘുവംശം
   C) കൃഷ്ണഗാഥ  D) മേഘസന്ദേശം

84. 'നാമലിംഗാനുശാസനം' എന്നുകൂടി പേരുള്ള കൃതി ഏത്?
   A) പാണിനീയം  B) ലീലാതിലകം
   C) അമരകോശം  D) വാക്യപദീയം

85. മലയാളത്തിലെ സ്വന്തം കാവ്യരൂപം ഇവയിൽ ഏത്?
A) സന്ദേശകാവ്യം B) വഞ്ചിപ്പാട്ട്
C) ഗീതകം D) മുക്തകം

86. പ്രകൃതി പ്രത്യയങ്ങൾ തമ്മിൽ ചേരുന്നിടത്ത് വാക്കുകളുടെ യോജിപ്പിന്റെ ഭംഗിക്കുവേണ്ടി ചേർക്കുന്ന അക്ഷരങ്ങൾക്ക് ഏ.ആർ. നൽകുന്ന പേരെന്ത്?
A) വിഭക്തി B) ഭേദകം C) ഇടനില D) വിഭാവകം

87. ഹിന്ദുക്കളിലെയും ക്രിസ്ത്യാനികളിലെയും അധഃകൃതർക്ക് അംഗത്വം നല്കി 'ചേരമർ മഹാജൻ സഭ' സ്ഥാപിച്ചതാര്?
A) കുമാരഗുരുദേവൻ B) പാമ്പാടി ജോൺജോസഫ്
C) വാഗ്ഭടാനന്ദൻ D) അയ്യാ വൈകുണ്ഠ സ്വാമികൾ

88. 'അടിമനുകം തകർന്നുപോയ്
അടിമയോല അഴിഞ്ഞുപോയ്
നമുക്ക് പൂർണ്ണ സ്വാതന്ത്ര്യമായ്'–എന്ന് പ്രഖ്യാപിച്ച സാമൂഹിക പരിഷ്കർത്താവ് ആര്?
A) വൈകുണ്ഠസ്വാമികൾ B) പൊയ്കയിൽ അപ്പച്ചൻ
C) ബ്രഹ്മാനന്ദ ശിവയോഗി D) അയ്യൻകാളി

89. കുമാരനാശാന്റെ 'ദുരവസ്ഥ' എന്ന കൃതിയുടെ പശ്ചാത്തലം ഏത്?
A) ശ്രാവസ്തി B) ഹിമാലയം
C) ഏറനാട് D) ഉത്തരമഥുര

90. "അറിവിൻ വെളിച്ചമേ,
ദൂരെപ്പോ ദൂരെപ്പോ നീ
വെറുതേ സൗന്ദര്യത്തെക്കാണുന്ന
കൺപൊട്ടിച്ചു"–ആരുടെ വരികൾ?
A) വൈലോപ്പിള്ളി B) ജി. ശങ്കരക്കുറുപ്പ്
C) ഇടശ്ശേരി D) പി. കുഞ്ഞിരാമൻ നായർ

91. താഴെപ്പറയുന്നവയിൽ കേസരി ബാലകൃഷ്ണപിള്ള അവതാരിക എഴുതാത്ത കാവ്യസമാഹാരം ഏത്?
A) കടത്തുവഞ്ചി B) സ്പന്ദിക്കുന്ന അസ്ഥിമാടം
C) മണിനാദം D) ചിന്താവിഷ്ടയായ സീത

92. ഇതിഹാസ നായികമാരെപ്പറ്റി 'സീതമുതൽ സത്യവതി വരെ' എന്ന പഠനം എഴുതിയതാര്?
A) ലളിതാംബിക അന്തർജ്ജനം
B) എം.പി പോൾ
C) ഡോ. എം.ലീലാവതി
D) കുറ്റിപ്പുഴ കൃഷ്ണപിള്ള

93. ‘പൊഞ്ഞാറ്’ എന്ന നാട്ടുഭാഷാനിഘണ്ടുവിന്റെ എഡിറ്റർ ആര്?
A) ഡോ.കെ.എം.ജോർജ്ജ്
B) കവിയൂർ മുരളി
C) അംബികാസുതൻ മാങ്ങാട്
D) ഡോ.പി.ജി.പദ്മിനി

94. പ്രാചീന മണിപ്രവാളകൃതികളിൽ കടുത്തുരുത്തി എന്ന സ്ഥലം കടന്നുവരുന്ന കാവ്യം ഏത്?
A) ഉണ്ണുനീലീസന്ദേശം B) ഉണ്ണിയാടീചരിതം
C) ഉണ്ണിയച്ചീചരിതം D) ഉണ്ണിച്ചിരുതേവീചരിതം

95. ചേരുംപടി ചേർക്കുക.

| | |
|---|---|
| a. നഷ്ടനായിക | 1. പി.എ. ഉത്തമൻ |
| b. ചാവൊലി | 2. രമേശൻ ബ്ലാത്തൂര് |
| c. ആൽഫ | 3. വിനു എബ്രഹാം |
| d. പെരും ആൾ | 4. കെ.പി.സുധീര |
| | 5. ടി.ഡി.രാമകൃഷ്ണൻ |

A) a-2, b-3, c-1, d-5 B) a-5, b-4, c-2, d-1
C) a-3, b-1, c-5, d-2 D) a-4, b-5, c-3, d-1

96. ‘അച്ഛനമ്മമാർ’ എന്ന പദത്തിന്റെ സമാസം എന്ത്?
A) തൽപ്പുരുഷൻ B) ദ്വന്ദ്വൻ
C) കർമ്മധാരയൻ D) ബഹുവ്രീഹി

97. ബൈബിൾ പഴയ നിയമത്തിലെ ഉത്തമഗീതങ്ങളെ ചങ്ങമ്പുഴ ഏതു പേരിലാണ് പരിഭാഷപ്പെടുത്തിയത്.
A) ദിവ്യഗീതം B) ഉത്തമഗീതം C) ദേവഗീത D) പ്രേമസംഗീതം

98. താഴെപ്പറയുന്നവയിൽ കെ.പി.അപ്പന്റെ കൃതി ഏത്.?
A) രോഗത്തിന്റെ പൂക്കൾ B) കലിയുഗാരണ്യകങ്ങൾ
C) മാറുന്ന മലയാള നോവൽ D) കവിതയും ജനതയും

99. കേരള പാണിനീയം രണ്ടാംപതിപ്പിന് ‘കാൽഡ്വലീയം’ എന്ന പേരാണ് ചേരുന്നതെന്ന് അഭിപ്രായപ്പെട്ടതാര്?
A) കെ.ഗോദവർമ്മ B) സി.എൽ.ആന്റണി
C) കെ.എം.ഡാനിയൽ D) കെ.എം.ജോർജ്ജ്

100. ശരിയായി പ്രയോഗിച്ചിരിക്കുന്ന പദം ഏത്?
A) രക്ഷാകർത്താവ് B) പാലായനം
C) സാമ്രാട്ട് D) വാല്മീകം

101. യഹൂദ പ്രമാണിയായ ജോസഫ് റബ്ബാന് ഭാസ്കര രവിവർമ്മ അവകാശാധികാരങ്ങൾ നൽകിക്കൊണ്ട് പുറപ്പെടുവിച്ച ശാസനം ഏത്?
A) തരിസാപ്പള്ളി ശാസനം B) ശ്രീമൂലവാതം ചെപ്പേട്
C) ജൂതശാസനം D) വാഴപ്പള്ളി ശാസനം

102. 'വാക്യം രസാത്മകം കാവ്യം' എന്നു നിർവചിച്ച വിശ്വനാഥന്റെ ആലങ്കാരിക ഗ്രന്ഥം ഏത്?
A) സാഹിത്യദർപ്പണം B) കാവ്യമീമാംസ
C) വ്യക്തി വിവേകം D) ധ്വന്യാലോകം

103. 'മാർക്സിയൻ സാഹിത്യസിദ്ധാന്തം ; മിഥ്യയും യാഥാർത്ഥ്യവും' എന്ന കൃതി രചിച്ചതാര്?
A) പി.ഗോവിന്ദപ്പിള്ള
B) ഡോ.ജി.ബാലമോഹൻ തമ്പി
C) ഡോ.പി.കെ.പോക്കർ
D) ഇ.എം.എസ്സ്

104. കേരളവർമ്മയുടെ മണിപ്രവാള ശാകുന്തളം എന്ന വിവർത്തനം പ്രസിദ്ധീകരിച്ച വർഷം ഏത്?
A) 1882 B) 1889 C) 1895 D) 1888

105. കാവ്യനിർമ്മാണശക്തിയായ ഭാവനയെ പ്രാഥമികം, ദ്വിതീയം എന്നു വിഭജിച്ച് വിശദീകരിച്ചതാര്?
A) വേർഡ്സ്വർത്ത് B) ഷെല്ലി
C) കോളറിഡ്ജ് D) ബൈറൺ

106. താഴെപ്പറയുന്നവയിൽ യാത്രാ വിവരണശാഖയിൽ വരുന്ന പുസ്തകം ഏത്?
A) ഭാരതപര്യടനം B) സമ്പർക്കക്രാന്തി
C) ബിലാത്തിവിശേഷം D) ഉണ്ണിക്കുട്ടന്റെ ലോകം

107. കിളിപ്പാട്ടു വൃത്തങ്ങളിൽ ഉൾപ്പെടുന്നത് ഏത്?
A) നതോന്നത B) മഞ്ജരി
C) തരംഗിണി D) കേക

108. തോപ്പിൽഭാസി ഉപയോഗിച്ചിരുന്ന തൂലികാനാമം എന്ത്?
A) സോമൻ B) നരേന്ദ്രൻ
C) ബാലമുരളി D) പ്രഭ

109. 'നളിനി എന്ന കാവ്യശിൽപ്പം' എന്ന നിരൂപണം എഴുതിയതാര്?
A) നിത്യചൈതന്യയതി B) എൻ.വി.കൃഷ്ണവാര്യർ
C) എം. ലീലാവതി D) പ്രസന്നരാജൻ

110. ചേരുംപടി ചേർക്കുക.

a. ക്ഷേത്രപ്രവേശന വിളംബരം — 1. 1599
b. ഉദയം പേരൂർ സൂനഹദോസ് — 2. 1937
c. തിരുവിതാംകൂർ–കൊച്ചി സംയോജനം — 3. 1956
d. ജീവൽ സാഹിത്യ സംഘടന — 4. 1936
5. 1949

A) a-3, b-2, c-4, d-1 B) a-5, b-4, c-2, d-3
C) a-4, b-1, c-5, d-2 D) a-2, b-3, c-1, d-5

111. ലളിതാംബിക അന്തർജനത്തിന്റെ 'അഗ്നിസാക്ഷി' എന്ന നോവൽ ചലച്ചിത്രമാക്കി സംവിധാനം ചെയ്തതാര്?

A) ടി.വി.ചന്ദ്രൻ B) ശ്യാമപ്രസാദ്
C) കമൽ D) ഷാജി എൻ.കരുൺ

112. സച്ചിദാനന്ദൻ എഡിറ്റ് ചെയ്ത ബ്ലോഗ് കവിതകളുടെ സമാഹാരം ഏത്?

A) കവിതാവർഷം B) നേർവഴികൾ
C) മൂന്നാമിടം D) നാലാമിടം

113. ചേരുംപടി ചേർക്കുക.

a. അക്ഷരം — 1. അയ്യപ്പപ്പണിക്കർ
b. സമകാലീന കവിത — 2. സുഗതകുമാരി
c. കേരള കവിത — 3. എ.അയ്യപ്പൻ
d. തളിര് — 4. ഡി.വിനയചന്ദ്രൻ
5. കെ.ജി.ശങ്കരപ്പിള്ള

A) a-4, b-3, c-5, d-1 B) a-3, b-5, c-1, d-2
C) a-5, b-2, c-4, d-1 D) a-2, b-1, c-3, d-5

114. നരേന്ദ്രപ്രസാദിനെ സ്മരിക്കുന്ന 'പ്രതിനായകൻ' എന്ന കവിത രചിച്ചതാര്?

A) ബാലചന്ദ്രൻ ചുള്ളിക്കാട് B) സച്ചിദാനന്ദൻ
C) രാവുണ്ണി D) ടി.പി.രാജീവൻ

115. താഴെപ്പറയുന്നവയിൽഉദാത്തതയെക്കുറിച്ചുള്ളലോംഗിനസ്സിന്റെ നിർവ്വചനത്തിൽ ഉൾപ്പെടാത്തത് ഏത്?

A) യുക്തിബോധത്തെ തൃപ്തിപ്പെടുത്തുന്നു
B) ഭാഷയിലെ വൈശിഷ്ട്യവും ഔന്നത്യവുമാണ്
C) മഹോന്നത മനസ്സിന്റെ നിർമ്മിതിയാണ്
D) ഭാവനയിലൂടെ പ്രതിഫലിക്കുന്നു

116. മലയാളത്തിലെ ആദ്യചരിത്രനാടക കൃതി ഏത്?

A) ചക്കീചങ്കരം B) പഴശ്ശിരാജ
C) സീതാലക്ഷ്മി D) കാൽവരിയിലെ കല്പപാദപം

117. 1712–ൽ മലയാള വ്യകരണം രചിച്ച ഇറ്റാലിയൻ മിഷനറി ആര്?

A) ബെഞ്ചമിൻ ബെയ്‌ലി B) അർണോസ് പാതിരി

C) ഹെർമ്മൻ ഗുർട്ട് D) ഫ്രാൻസിസ് ആഞ്ജലോസ് പീറ്റർ

118. സംവൃതോകാരത്തെ ഒരു സ്വതന്ത്രസ്വരമായി പരിഗണിച്ച ഭാഷാ പണ്ഡിതനാര്?

A) ഏ.ആർ.രാജരാജവർമ്മ B) കെ.എം.ഡാനിയൽ

C) സി.എൽ.ആന്റണി D) കെ.എം.പ്രഭാകരവാര്യർ

119. ''മനുഷ്യമസ്തിഷ്കത്തോടല്ല, മാംസത്തോടല്ല.
മനസ്സിനോടേ കാവ്യഹൃദയം സംസാരിക്കൂ''–എന്നെഴുതിയ കവി ആര്?

A) പി.ഭാസ്കരൻ B) പുനലൂർ ബാലൻ

C) വയലാർ D) ഒ.എൻ.വി

120. 'കേളി' എന്ന മാസിക പ്രസിദ്ധീകരിക്കുന്ന സ്ഥാപനം ഏത്?

A) ലൈബ്രറി കൗൺസിൽ B) സാഹിത്യ അക്കാദമി

C) ഫോക്‌ലോർ അക്കാദമി D) സംഗീത–നാടക അക്കാദമി

***********************